Minister for Local Self Government (SHRI K. KOCHUKUTTAN):

(a) House-tax is assesed and collected by the Panchayats on the basis of the net annual rental value of the houses.

(b) A complaint containing some general allegations against the Panchayat officer, Edamulakkal has been received by the Director of Local Bodies on 16-3-1956.

ശ്രീ. പ്രാക്കുളം ഭാസി : പരാതിയിന്മേൽ എന്ത നേ ഷ ണ നടത്തി?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷിക്കുന്നുണ്ട്. 16-2-56-ലാണ് അപേക്ഷ കിട്ടിയതു്. അധികമായി അന്വേഷണം നടത്തി വരികയാണു്.

തൊഴിൽക്കുഴപ്പങ്ങളും, അറസ്റ്റും.

*37. [9] ശ്രീ. പ്രാക്കുളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ഫെബ്രുവരി 15-നു-ശേഷം തോട്ടങ്ങളിലെ തൊഴിൽക്കുഴപ്പങ്ങൾ പ്രമാണിച്ചു് എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ടു് ;

(ബി) എത്രയാളുകളുടെ പേരിൽ 107-ാംവകുപ്പനുസരിച്ചു് കേസ്സെടുത്തിട്ടുണ്ടു് ;

(സി) പത്തനംതിട്ട, പെരുനാടു്, രേവർവാലി എസ്റ്റേറ്റിലെ തൊഴിൽക്കുഴപ്പം തുടർന്നു് സഖാവു് പന്തളം ഭാസി, സഖാവു് ദാമോദരൻ എന്നിവർ എച്ചു്. പി. എൽ. യൂണിയൻ പ്രവർത്തകരെ അറസ്റ്റിലാക്കുപ്പിൽവച്ചു് മർദ്ദിച്ചതായി പരാതി കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 1955 ഫെബ്രുവരി 15-നു-ക്കു് ശേഷം തോട്ടങ്ങളിലെ തൊഴിൽ കുഴപ്പങ്ങൾ പ്രമാണിച്ചു് 215 പേരെ അറസ്റ്റു ചെയ്തിട്ടുണ്ടു്.

(ബി) 118 പേരുടെ പേരിൽ 107-ാംവകുപ്പനുസരിച്ചു് കേസ്സെടുത്തിട്ടുണ്ടു്.

(സി) പരാതി കിട്ടിയിട്ടുണ്ടു്.

(ഡി) അന്വേഷിച്ചതിൽ പരാതി അടിസ്ഥാന രഹിതമാണെന്നു് കാണുന്നു.

ശ്രീ. പ്രാക്കുളം ഭാസി : ആരാണു് അന്വേഷിച്ചതു്?

ശ്രീ. എ. ജെ. ജോൺ : പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നു്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : ഇങ്ങനെയുള്ള പരാതികൾ ഡിപ്പാർട്ടുമെൻറ് മുഖേനയാണോ അന്വേഷണം നടത്തുന്നത് ?

ശ്രീ. എ. ജെ. ജോൺ : അതെ.

ശ്രീ. പ്രാക്കുളം ഭാസി : 107–ാംവകുപ്പനുസരിച്ചുള്ള കേസുകൾ അന്വേഷിക്കുന്നത്, ജൂഡീഷ്യറിയും എക്സിക്യൂട്ടീവും വേർതിരിച്ചിരിക്കുന്ന സ്ഥിതിക്ക് മജിസ്ട്രേട്ട് മുഖാന്തിരം ആയിക്കൂടെ ?

ശ്രീ. എ. ജെ. ജോൺ : പോലീസ് ഡിപ്പാർട്ടുമെൻറാണ് ഈ കാര്യങ്ങൾ അന്വേഷിക്കുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : 107–ാംവകുപ്പനുസരിച്ച് ചാർജ്ജുചെയ്യുന്ന കേസുകൾ അന്വേഷിക്കുന്നതിന് ഒരു ട്രെൻഡ് മജിസ്ട്രേട്ടിനെ നിയമിക്കാമോ ?

ശ്രീ. എ. ജെ. ജോൺ : അതു് ആലോചിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ആ കാര്യം ആലോചിക്കാമോ ?

ശ്രീ. എ. ജെ. ജോൺ : ആലോചിക്കണമെന്നു് തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : തോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്കെതിരെ അവരുടെ പേരിൽ 107–ാംവകുപ്പനുസരിച്ച് കേസ്സെടുക്കുമ്പോൾ വലുതായ ജാമ്യത്തുക കെട്ടിവയ്ക്കണമെന്നു് പറയുന്നതുകൊണ്ടു് വളരെ വൈഷമ്യം അനുഭവിയ്ക്കുന്നുണ്ടെന്നു് അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെയുള്ളവർ കുഴപ്പത്തിനൊന്നും പോകരുതു്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയുള്ള തൊഴിലാളികളുടെപേരിൽ മനഃപൂർവ്വമായി കേസ്സെടുക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ : എങ്കിലും തോട്ടം ഉടമകളുടെപേരിൽ കേസ്സെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : പരാതിയുണ്ടെങ്കിൽ അവരുടെ പേരിലും കേസ്സെടുക്കും.

ശ്രീ. കെ. സി. ജോർജ്ജ് : ഈ ലാക്കപ്പ് മർദ്ദനത്തെപ്പറ്റിയുള്ള പരാതികളും വല്ലതും രേഖപ്പെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ലാക്കപ്പ് മർദ്ദനത്തെപ്പറ്റിയുള്ള പരാതികളെക്കുറിച്ച് അന്വേഷിക്കുകയും പരാതികൾ യഥാർത്ഥമായിട്ടുള്ളതാണെന്നു കണ്ടിട്ടുള്ളതിൽ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. അടിസ്ഥാനരഹിതമായ പരാതികൾ കൊടുത്തു് അതിന്മേൽ കേസ്സു് എടുത്തു് ശിക്ഷിക്കണമെന്നു് പറഞ്ഞാൽ അതു് നിവൃത്തിയുള്ള കാര്യമല്ല.

ശ്രീ. കെ. സി. ജോർജ്ജ് : അറസ്റ്റ് ചെയ്തു് ലാക്കപ്പിലാക്കി മർദ്ദിച്ചുവെന്നു് പരാതിപ്പെട്ടാൽ അതു് അടിസ്ഥാനരഹിതമായ പരാതികളാണു് എന്നുള്ള അടിസ്ഥാനത്തിലാണോ അന്വേഷണം നടത്തുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : പരാതികൾ പലതും അന്വേഷണത്തിൽ അടിസ്ഥാനരഹിതങ്ങളാണെന്നു് തെളിഞ്ഞിട്ടുണ്ടെന്നാണു് പറഞ്ഞതു്. ഈ മാതിരിയുള്ള പരാതികളിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു് അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ലാക്കപ്പ് മർദ്ദനത്തിനു് വിധേയരായവരെ മന്ത്രിയെക്കൊണ്ടു ചെന്നു് ആ അടിയുടെ പാടു കാണിച്ചാൽ അതു് യഥാർത്ഥമാണെന്നു് ധരിക്കുമോ ?

ശ്രീ എ. ജെ. ജോൺ : അങ്ങനെ കാണിക്കുന്നപക്ഷം അവിടെ ഒരു അടിയുടെ പാടുണ്ടെന്നു മന്ത്രിക്കു് മനസ്സിലാകും. അതിൽ കൂടുതലൊന്നും ഉണ്ടെന്നു് പറയുവാൻ നിവൃത്തിയില്ല. (ചിരി)

ശ്രീ. പാക്കളം ഹാസി : അതു് ഒരു പൂച്ചു മാന്തിയതാണെന്നു് പറയുമോ ?

(ഉത്തരമില്ല.)

മദ്യനിരോധനം.

* 38. [10] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(a) തിരുവിതാംകൂർ–കൊച്ചി മുഴുവനായും മദ്യനിരോധനം ഏർപ്പെടുത്തുന്നതിനു് ഇനിയും എത്രകാലം വേണ്ടിവരും; ഇപ്പോൾ ഏതെല്ലാം ഡിസ്ട്രിക്റ്റുകളിൽ മുഴുവനായും, ഭാഗികമായും മദ്യനിരോധനം ഏർപ്പെടുത്തിക്കഴിഞ്ഞു ;

(b) മദ്യനിരോധനം ഏർപ്പെടുത്തിയതുമൂലം, സംസ്ഥാനത്തിനുണ്ടായിട്ടുള്ള വരവു് കുറവെത്ര ; മദ്യനിരോധനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതോടെ വരുമാനത്തിൽ എത്ര ലക്ഷം കുറവു വരുമെന്നു് കണക്കാക്കപ്പെട്ടുന്നു ;

(c) ഈ കുറവു് നികത്തുന്നതിലേയ്ക്കു് ഏതെങ്കിലും പദ്ധതി ഗവണ്മെന്റ് തയ്യാറിച്ചിട്ടുണ്ടോ ;

(d) 1954–55 വർഷത്തിൽ മദ്യനിരോധന നിയമം ലംഘിച്ചതിനു് എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടു് ; ഈ നിയമം കൂടുതൽ പ്രാവർത്തികമാക്കുന്നതിനു് ഏതെങ്കിലും പ്രത്യേക നടപടി ചെയ്യാനുള്ളതുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : (a) ക്രമേണ കൊണ്ടു് മദ്യനിരോധനം തിരുവിതാംകൂർ–കൊച്ചി മുഴുവനും പൂർത്തിയാക്കുമെന്നാണു് ഗവണ്മെന്റുദ്ദേശിക്കുന്നതു്. എത്ര വർഷത്തിനകം ഇതു പൂർത്തിയാക്കുമെന്നു പറയാൻ നിവൃത്തിയില്ല. മദ്യനിരോധനം ഇപ്പോൾ തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പൂർണ്ണമായും, കൊല്ലം, തൃശ്ശൂർ ഈ ഡിസ്ട്രിക്റ്റുകളിൽ ഭാഗികമായും ഏർപ്പെടുത്തിക്കഴിഞ്ഞു.

(b) സംസ്ഥാനത്തിനു് 103 ലക്ഷം രൂപായോളം വരവു കുറഞ്ഞു. മദ്യനിരോധനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതോടെ സംസ്ഥാനത്തെ വരുമാനത്തിൽ 324 ലക്ഷം രൂപായോളം കുറവുവരുമെന്നു് കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly